പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 3811 — 31. 01. 2014 ൽ മറുപടിക്ക്

ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതികൾ

ചോദ്യം — ഉത്തരം

ശ്രീ. കെ. ദാസൻ — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ? | (എ) | എല്ലാ സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വഴി 10% വൈദ്യുതി കുറയ്ക്കണമെന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>ഊർജ്ജസംരക്ഷണ ബോധവൽക്കരണത്തിന്റെ ഭാഗമായി ഓഫീസുകളിൽ വൈദ്യുതിച്ചെലവ് കുറയ്ക്കാം എന്നതിനെക്കുറിച്ചുള്ള ഒരു ലഘുലേഖ അച്ചടിച്ച് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സർക്കാർ ഓഫീസ് ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളിൽ, ഊർജ്ജക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള 'എനർജി ഓഡിറ്റിംഗ് ' നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഇലക്ട്രിസിറ്റി ബോർഡിൽ ESCOT (Energy Savings Co-ordination Team) എന്ന ഒരു വിഭാഗം സമീപകാലത്തായി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഈ ലക്ഷ്യം വെച്ച് കെൽട്രോണിൽ നിലവിൽ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയുമോ? വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കെൽട്രോൺ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.<br><br>ഊർജ്ജോപയോഗം കൂടുതലുള്ള നിലവിലെ ട്യൂബ് ലൈറ്റുകൾക്കും ബൾബുകൾക്കും പകരം ഊർജ്ജക്ഷമതയുള്ളതും |

| | | | |
|---|---|---|---|
| | | | ദീർഘായുസ്സുള്ളതുമായ വിവധ ശ്രേണിയിലുള്ള എൽ ഇ ഡി ലൈറ്റുകൾ കെൽട്രോൺ നിർമ്മിക്കുന്നുണ്ട്. സർക്കാർ വകുപ്പുകളും മറ്റു സർക്കാർ സ്ഥാപനങ്ങളും കെൽട്രോൺ നിർമ്മിക്കുന്ന എൽ ഇ ഡി ട്യൂബ് ലൈറ്റുകൾ വാങ്ങണമെന്ന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>വൈദ്യുതോർജ്ജം പരമാവധി കുറയ്ക്കുന്നതിനായി വിവധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സൌരോർജ്ജ പദ്ധതികൾ കെൽട്രോൺ സ്ഥാപിച്ചു വരുന്നു. സംസ്ഥാനത്തെ വിവിധ ജയിലുകളിലും തിരുവനന്തപുരത്തെ കെ. എസ്. ഐ. ഡി. സി ആസ്ഥാനത്തും കെൽട്രോൺ സൌരോർജ്ജ പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. സൌരോർജ്ജ പദ്ധതി കൾക്കുവേണ്ടി വിവിധ കപ്പാസിറ്റിയിലുള്ള പവർ കണ്ടീഷനിംഗ് യൂണിറ്റുകൾ (ഇൻവെർട്ടറുകൾ) കെൽട്രോൺ നിർമ്മിക്കു ന്നുണ്ട്.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ പദ്ധതി തുകയുടെ 50 ശതമാനം അതാത് സ്ഥാപനങ്ങളും 50 ശതമാനം സർക്കാർ സഹായത്തോടെയും കെൽട്രോൺ മുഖേന സൌരോർജ്ജ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിനായുള്ള സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾ എന്തെല്ലാം; ഏതെല്ലാം ഏജൻസകളിൽ നിന്നുമുള്ള ധനസഹായം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കാം എന്നത് വ്യക്തമാക്കാമോ? | (സി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) ഊർജ്ജം ലാഭിക്കുന്ന പദ്ധതികൾ (Energy Saving Projects) നടപ്പിലാക്കുന്നതിന് 6% പലിശനിരക്കിൽ വായ്പ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ